I/215973/2024

**ഭരണഭാഷ-മാതൃഭാഷ**

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം(പ്ലാനിംഗ് വിഭാഗം)**

**നാലാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**

**ഫോൺ: 0484 – 2427223, ഇ-മെയിൽ : stpekm@gmail.com**

**സീനിയർ ടൗൺ പ്ലാനറുടെ നടപടി ക്രമം**

വിഷയം :- സാങ്കേതിക വിഭാഗം - കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് - പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം – നൽകി ഉത്തരവാകുന്നു.

സൂചന :- ശ്രീമതി.വഹീദ ഇക്ബാൽ -ൻറെ 23/01/2024 -ലെ അപേക്ഷ.

===============================================================

ഉത്തരവ് നമ്പർ LSGD/JD/EKM/800/2024-PLG3 D-DIS, തീയതി:25-02-2024

===============================================================

പറവൂർ താലൂക്ക്, കടുങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്, ആലങ്ങാട് വില്ലേജ്, സർവ്വേ നമ്പർ 368/5, 372/2A-1, 372/2A2-2 -ൽപ്പെട്ട 13.75 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ Automobile Wash Stall ഉം, ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷനും ഉൾപ്പെടെ 427.20 ച.മീ ബിൽറ്റ് അപ്പ് ഏരിയ വരുന്ന കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേഔട്ട് അംഗീകാരം ലഭ്യമാക്കുന്നതിനായി ശ്രീമതി. വഹീദ ഇക്ബാൽ നേരിട്ട് സമർപ്പിച്ചിരിക്കുന്ന സൂചന അപേക്ഷ പരിശോധിച്ചതിൽ, പ്രസ്തുത നിർമ്മാണം KPBR-2019 -ലെ പ്രധാന ചട്ടങ്ങൾ പാലിക്കുന്നതായി കാണുന്നു. ആയതിനാൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി നിർദ്ദിഷ്ട നിർമ്മാണത്തിന് ലേഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. KPBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

2. നിർദ്ദിഷ്ട നിർമ്മാണം KPBR 2019 -നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള

ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തണം.

3. KPBR 2019 Rule 47(1) പ്രകാരം Petroleum Rules 2002 -ലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിർദ്ദിഷ്ട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
4. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 -ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, 2018 -ലെ നെൽവയൽ തണ്ണീർത്തട നിയമം സംബന്ധിച്ച അമെൻഡ്മെൻറ് ആക്ട്, ഗവൺമെൻറ് സർക്കുലറുകൾ, KLU ഓർഡർ 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
5. എർത്ത് കട്ടിങ്, ഫില്ലിംഗ് & മണ്ണ് നീക്കം ചെയ്യൽ എന്നിവ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിൻറെ NOC/സാക്ഷ്യപത്രം നേടിയിരിക്കണം.
6. District Collector, Fire & Rescue, തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
7. നിർദ്ദിഷ്ട സ്ഥാപനത്തിൻറെ നിർമ്മാണവും പ്രവർത്തനവും സമീപറോഡിലെ ഗതാഗതത്തേയും, റോഡിൻറെ സുരക്ഷിതത്ത്വത്തേയും പ്രതികൂലമായി ബാധിക്കാത്ത വിധത്തിലാണെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.
8. പ്രസ്തുത നിർമാണം പരിസരവാസികളുടെ സ്വൈര ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് പഞ്ചായത്ത് ഉറപ്പാക്കണം.
9. ഖര മാലിന്യ സംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തണം.
10. ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും KPBR 2019 ചട്ടം 79 പ്രകാരം ഉള്ള Liquid വേസ്റ്റ് Management Treatment Plant സജ്ജീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തണം.
11. ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ്, റാമ്പ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ് എന്ന് പഞ്ചായത്ത് ഉറപ്പാക്കണം.
12. നിർദിഷ്ട Automobile wash stall കെട്ടിടത്തിലേക്ക്, ചട്ടം 28(1)-ന് അനുസൃതമായി Internal access മുഖേന പ്രവേശനം ലഭ്യമാണെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തണം.
13. Occupancy നൽകുന്നതിന് മുൻപായി KPBR ചട്ടം 47(2) പ്രകാരം റീട്ടെയിൽ ഡിസ്പെൻസിങ് യൂണിറ്റുകൾക്ക് ചുറ്റും 7.50 m clear space ലഭ്യമാണ് എന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

I/215973/2024

മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതിയില്ല. കെ.പി.ബി.ആർ 2019 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ.

അംഗീകരിച്ച ലേ-ഔട്ട് നമ്പർ :14/2024.

Signed by Mitzie Thomas
Date: 25-02-2024 18:08:33
Reason: Approved

(സീനിയർ ടൗൺ പ്ലാനർ-ഇൻ-ചാർജ്ജ്)

<u>സ്വീകർത്താവ്:</u>

സെക്രട്ടറി,
കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
(അംഗീകരിച്ച പ്ലാൻ സഹിതം)

<u>പകർപ്പ്:</u>

ശ്രീമതി.വഹീദ ഇക്ബാൽ, താന്നിക്കാപ്പിള്ളി വീട്, ഇടപ്പള്ളി നോർത്ത്, ഇടപ്പള്ളി- 682024.